## കലാലയങ്ങൾ വ്യവസായ സൗഹൃദം

# കേരളത്തിൽ ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതിക്ക് തുടക്കമായി



എസ്. ഹരി കിഷോർ ഐ.എ.എസ്.

'നിങ്ങൾക്ക് വലിയ കാര്യങ്ങൾ ചെയ്യാൻ കഴിയുന്നില്ലെങ്കിൽ, ചെറിയ കാര്യങ്ങൾ മികച്ച രീതിയിൽ ചെയ്യുക.' ലോകത്ത് വിവിധ ഭാഷകളിലായി 20 ദശലക്ഷത്തിലധികം കോപ്പികൾ വിറ്റഴിച്ച 'തിങ്ക് ആൻഡ് ഗ്രോ റിച്ച്' എന്ന കൃതിയുടെ രചയിതാവ് നെപ്പോളിയൻ ഹില്ലിന്റെ വാക്കുകളാണിത്. മഹത്തായ ആശയങ്ങൾ പലപ്പോഴും പിറവിയെടുക്കുന്നത് ചെറിയ ചിന്തകളിൽ നിന്നാണ്. സംസ്ഥാന സർക്കാർ തുടങ്ങിവെച്ച 'ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക്' എന്ന പദ്ധതിയും വലിയൊരാശയത്തിന്റെ ചെറിയ തുടക്കമാണ്. വിദ്യാർത്ഥികളിൽ സംരംഭകത്വ താൽപര്യം വളർത്തുന്നതിനായും വ്യാവസായിക ആവശ്യത്തിനുള്ള ഭൂമിയുടെ ലഭ്യത കുറവ് പരിഹരിക്കുന്നതിനുമാണ് വ്യവസായ വകുപ്പ് ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതിക്ക് രൂപം നൽകിയത്.

സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കീഴിലുള്ള ഭൂമി ഉപയോഗപ്പെടുത്തി ക്യാമ്പസ് വ്യവസായ പാർക്കുകൾ ആരംഭിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പഠനത്തോടൊപ്പം വിദ്യാർത്ഥികൾക്ക് സംരംഭകരാകാനുള്ള ആത്മവിശ്വാസം നേടുകയും, മാത്രമല്ല തൊഴിൽ നൈപുണ്യവും വ്യവസായ സ്ഥാപനങ്ങളിൽ നിന്നുള്ള പ്രവർത്തി പരിചയം സ്വായത്തമാക്കാനുള്ള അവസരവും സൃഷ്ടിക്കും. കൂടാതെ വ്യവസായ സ്ഥാപനങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്താനും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടക്കുന്ന ഗവേഷണ പ്രവർത്തനങ്ങളിലൂടെ കണ്ടെത്തുന്ന ഉത്പന്നങ്ങളുടെ വ്യാവസായിക ഉത്പാദനം വേഗത്തിൽ ആരംഭിക്കാനും പദ്ധതിവഴി സാധിക്കും.

വ്യവസായ നയം 2023 ന്റെ ഭാഗമായ 22 മുൻഗണനാ മേഖലകളെ അടിസ്ഥാനമാക്കിയാണ് പദ്ധതി നടപ്പിലാക്കുക. വിദ്യാർത്ഥികളുടെ ഗവേഷണ ഫലങ്ങളുടെ വ്യാവസായിക ഉത്പാദനത്തിന് ആദ്യവും അധ്യാപകരുടെ കണ്ടെത്തലുകൾക്ക് രണ്ടാമതും പരിഗണന നൽകും. കൂടാതെ പൂർവ്വ വിദ്യാർത്ഥികൾക്കും പദ്ധതിയുടെ ഭാഗമാകാൻ അവസരമൊരുക്കും. ക്യാമ്പസുകളിലെ ലാബുകളിൽ നടത്തുന്ന ഗവേഷണ പ്രവർത്തനങ്ങൾക്ക് വിദ്യാർത്ഥികൾ ചെലവഴിച്ച സമയത്തെ അടിസ്ഥാനമാക്കി ഗ്രേസ് മാർക്ക് നൽകുകയും ചെയ്യും.



സംസ്ഥാന സർക്കാർ ഫെബ്രുവരിയിൽ പദ്ധതിക്കുള്ള മാർഗ്ഗരേഖ പുറത്തിറക്കിയിരുന്നു. കുറഞ്ഞത് അഞ്ച് ഏക്കർ ഭൂമിയുള്ള സർക്കാർ/സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ക്യാമ്പസ് വ്യവസായ പാർക്കിനായി അപേക്ഷിക്കാം. ആർട്സ് & സയൻസ് കോളേജുകൾ, പ്രൊഫഷണൽ കോളേജുകൾ, പോളിടെക്നിക്കുകൾ, ഐ.ടി.ഐ.കൾ തുടങ്ങിയ സ്ഥാപനങ്ങളെല്ലാം പദ്ധതിക്ക് കീഴിൽ വരും. ക്യാമ്പസുകളിൽ സ്റ്റാന്റേർഡ് ഡിസൈൻ ഫാക്ടറി സ്ഥാപിക്കുന്നതിന് കുറഞ്ഞത് രണ്ട് ഏക്കർ ഭൂമിയാണ് വേണ്ടത്. 30 വർഷത്തേക്കാണ് ഡവലപ്പർ പെർമിറ്റ് അനുവദിക്കുക. ക്യാമ്പസ് വ്യവസായ എസ്റ്റേറ്റ് ഡെവലപ്പർ പെർമിറ്റ് ലഭിക്കുന്ന വ്യവസായ ഭൂമിക്ക് കേരള ഏകജാലക ക്ലിയറൻസ് ബോർഡ്, ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡവലപ്മെന്റ് ആക്ട് എന്നിവക്ക് കീഴിൽ ലഭിക്കുന്ന മുഴുവൻ ആനുകൂല്യങ്ങൾക്കും അർഹത ഉണ്ടാകും. ക്യാമ്പസ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന ഭൂമി പരിസ്ഥിതി ലോല പ്രദേശം, തീരദേശ നിയന്ത്രണ മേഖല,

തോട്ടം, തണ്ണീർത്തട സംരക്ഷണ നിയമം എന്നിവയിൽ ഉൾപ്പെടരുത്. ഈ എസ്റ്റേറ്റുകളിൽ റെഡ് കാറ്റഗറി ഒഴികെയുള്ള വ്യവസായങ്ങൾക്ക് സ്ഥലം അനുവദിക്കും.

വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വെബ് പോർട്ടൽ മുഖേന ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ നിരാക്ഷേപ സാക്ഷ്യപത്രം സഹിതമാണ് അപേക്ഷ സമർപ്പിക്കേണ്ടത്. ജില്ലകളിൽ ജില്ലാതല സൈറ്റ് സെലക്ഷൻ കമ്മറ്റി ശുപാർശ ചെയ്യുന്ന അപേക്ഷകൾക്കും സംസ്ഥാനത്ത് സർക്കാർ തലത്തിലുള്ള വകപ്പു തല സെക്രട്ടറിമാർ അടങ്ങുന്ന ഉന്നത സമിതിയും പരിശോധിച്ച് സംരംഭങ്ങൾക്കുള്ള അനുമതി നൽകും. വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനും വ്യവസായ വാണിജ്യ ഡയറക്ടർ കൺവീനറുമായ സമിതിയാണ് പെർമിറ്റുകൾ നൽകുക.

ഉന്നത വിദ്യാഭ്യാസ വകുപ്പ്, ധനകാര്യ, റവന്യൂ, തദ്ദേശ, ജലവിഭവ, ഊർജ്ജ, പരിസ്ഥിതി വകുപ്പുകളുടെ സെക്രട്ടറിമാർ കമ്മറ്റി അംഗങ്ങളായിരിക്കും. ക്യാമ്പസ് വ്യവസായ പാർക്കിലെ പൊതു സൗകര്യങ്ങളായ റോഡ്, വൈദ്യുതി, ഡ്രെയിനേജ്, മാലിന്യ നിർമ്മാർജ്ജന പ്ലാന്റ്, ലാബ്, ടെസ്റ്റിംഗ് ആന്റ് സർട്ടിഫിക്കേഷൻ സംവിധാനങ്ങൾ എന്നിവ ഒരുക്കുന്നതിന് ഡെവലപ്പർ വിദ്യാഭ്യാസ സ്ഥാപനത്തിന് ഏക്കറിന് 20 ലക്ഷം രൂപ നിരക്കിൽ പരമാവധി 1.5 കോടി രൂപ വരെ ഒരു എസ്റ്റേറ്റിന് നൽകും. സ്റ്റാന്റേർഡ് ഡിസൈൻ ഫാക്ടറി സ്ഥാപിക്കുന്നതിന് കെട്ടിട നിർമ്മാണം ഉൾപ്പടെയുള്ള അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് 1.5 കോടി രൂപയും സർക്കാർ ധന സഹായം നൽകും. എസ്റ്റേറ്റുകളിലെ അടിസ്ഥാന സൗകര്യവികസനം പൂർത്തിയാക്കുന്ന മുറയ്ക്കാണ് തുക അനുവദിക്കുക.

സംസ്ഥാനത്തുടനീളമുള്ള 25 ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഈ സാമ്പത്തിക വർഷം തന്നെ ഇൻഡസ്ട്രിയൽ പാർക്ക് തുടങ്ങാനുള്ള അനുമതി നൽകാനാണ് വ്യവസായ വകുപ്പിന്റെ തീരുമാനം. സംസ്ഥാനത്തെ 80 ഓളം ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ പദ്ധതിയുടെ ഭാഗമാകാൻ സന്നദ്ധത അറിയിച്ചിട്ടുണ്ട്. നിലവിൽ വിവിധ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് നിരവധി സ്റ്റാർട്ടപ്പുകൾ പ്രവർത്തിക്കുന്നുണ്ട്. വിദ്യാർത്ഥികളിൽ നിന്നുള്ള സ്റ്റാർട്ടപ്പ് സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതി വലിയ സാദ്ധ്യതകൾ തുറന്നിടും. തൊഴിൽ തേടി അന്യനാടുകളിൽ ചേക്കേറുന്ന നമ്മുടെ മിടുക്കരായ വിദ്യാർത്ഥികൾക്ക് ജന്മനാട്ടിൽ സ്വന്തം സംരംഭങ്ങൾ പടുത്തുയർത്തുവാൻ സംസ്ഥാന സർക്കാർ അവസരമൊരുക്കുകയാണ്. യുവസംരംഭകരുടെ നൂതന ആശയങ്ങൾ വിടരുന്ന കലാലയങ്ങൾ കേരളത്തിന്റെ വ്യവസായ സൗഹൃദ അന്തരീക്ഷത്തെ ഊർജസ്വലമാക്കും.

**വ്യവസായ വാണിജ്യ വകുപ്പ്**
**ഡയറക്ടർ ആന്റ് കെ.എസ്.ഐ.ഡി.സി.**
**എം.ഡി. ആണ് ലേഖകൻ**

# ഉദ്ഘാടനം



കെ.എസ്.എസ്.ഐ.എ. ഇടുക്കി ജില്ലയുടെ ഓഫീസ് മന്ദിരവും ആനുവൽ ജനറൽ ബോഡി യോഗവും ബഹു. വ്യവസായ നിയമ കയർ വകുപ്പ് മന്ത്രി പി. രാജീവ് സംസ്ഥാന പ്രസിഡന്റ് എ. നിസാറുദ്ദീന്റെ നേതൃത്വത്തിൽ ഭദ്രദീപം കൊളുത്തി ഉദ്ഘാടനം ചെയ്യുന്നു. സംസ്ഥാന ജനറൽ സെക്രട്ടറി പി. ജെ.ജോസ്, സംസ്ഥാന വൈസ് പ്രസിഡന്റുമാരായ എ.ഫസലുദ്ദീൻ, ഏബ്രഹാം കുര്യാക്കോസ്, സംസ്ഥാന ട്രഷറർ ജോസഫ് പൈകട, സംസ്ഥാന ജോ. സെക്രട്ടറി ബി. ജയകൃഷ്ണൻ, ഇടുക്കി ജില്ല പ്രസിഡന്റ് ബേബി ജോർജ്ജ്, ജില്ലാ ഭാരവാഹികൾ, ഇടുക്കി ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ശ്രീമതി. ലിസിയമ്മ സാമുവൽ എന്നിവരും സന്നിഹിതരായിരുന്നു.